ലേഖനം

# വിശ്വാസം

ജോൺ ഇളമത

നാം ജീവിക്കുന്നത്,വിശ്വാസ സത്യങ്ങളെ ചോദ്യം
ചെയ്യപ്പെടുന്ന ഒരു കാലഘട്ട
ത്തിലാണ്!.അതുകൊണ്ട് വളരെ ജാഗരൂകരായി വിശ്വാസത്തെ ബ
ലപ്പെടുത്തുകയും,അതിനു വേണ്ടി പരിശ്രമിക്കുകയും,ചെയ്യേണ്ടത്
അനിവാര്യമെത്രെ!.ഈ അടുത്ത കാലങ്ങളിൽ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ
കൺവൻഷനുകളിൽ ,ലോകരക്ഷകനായ യേശുക്രിസ്തുവിൻെറ ക്രൂശിതരൂപചി
ത്രം,വീരസഖാക്കളുടെ മദ്ധ്യത്തിൽ വച്ച്,'അദ്ധ്വാനിക്കുന്നവരുടേയും
,ചൂഷിതവർഗ്ഗത്തിൻെറയും,
പ്രവാചകൻ'എന്ന് തട്ടിമൂളിച്ച്,ക്രിസ്തുവിനേയും,കൃസ്ത്യാനികളേയും,അവമ
ഹളിച്ചതിൻെറ
പിന്നിലുള്ള ചേതോവികാരം എന്താണ്?തികഞ്ഞ രാഷ്ട്രീയ മുതലെടുപ്പ
്!കേരളിലെ ഒരു ബിഷപ്പു
പോലും,അതിനെ പിന്താങ്ങി എന്നു കേൾക്കുന്നത്,ലജ്ജാകരം തന്നെ!

ക്രിസ്ത്യാനകൾ,വിശ്വസിക്കുന്ന യേശുക്രിസ്തു,പ്രവാചകനല്ല
,സാക്ഷാൽ
ദൈവപുത്രൻ!മർത്ത്യലോകപാപപരിഹാരത്തിന്,പിതാവാൽ,അയക്കപ്പെട്ട
പുത്രൻതമ്പുരാൻ!
ക്രിസ്തുമാർഗ്ഗം,സ്നേഹത്തിൻെറയും,ക്ഷമയുടേയും പര്യായ്യായമാണ
്,അതുകൊണ്ട്,ഈ മുതലെടുപ്പ്
അനായാസകരംഎന്നു തോന്നാം! എന്നാൽ ഇക്കുട്ടർ, ഇപ്രകാരം മറ്റു മതങ്ങളെ
മുതലെടുക്കാൻ പേടിയുള്ളവർ തന്നെ.!അവർ ക്രിസ്ത്യാനികളെപ്പോലെ
മര്യാദക്കാരായിരിക്കണമെന്നില്ലല്ലോ!

ഇന്ത്യാ ഒരു മതേതര രാഷ്ട്രമാണന്ന നിയമത്തെ
വെല്ലിവിളിച്ചാണ്,ഇക്കൂട്ടരുടെ
പുറപ്പാട്. കഷ്ടം!ഇതൊക്കെ കൊണ്ട് ഈ കൂട്ടർ രക്ഷപെടുമെന്നത്,വ്യമോഹം
,തന്നെ!ക്രിസതു ആരുടേതാണ്?ക്രസ്തു,ദൈവപുത്രൻ എന്ന് വിശ്വസിക്ക
ുന്നവരുടെതു മാത്രം!വിശുദ്ധ വേദപുസ്തകം,
അതു സാക്ഷ്യപ്പെടുത്തുന്നു–ക്രിസ്തു ശിഷ്യന്മാരോടു ചോദിക്കുന്നു "ഞാൻ ആ
രന്നാണ് നിങ്ങൾ
കരുതുന്നത്?"പ്രധാന അപ്പസ്തോലനായ ശമയോൻ പത്രോസ്
അതനുത്തരമായി പരിശുദ്ധാ

ത്മാവ് നിറഞ്ഞു പറയുന്നു  "ഗുരോ,അവിടന്ന്, ജീവനുള്ള ദൈവത്തിൻെറ പുത്രൻ തന്നെയാകുന്നു എന്ന്!"അതുതന്നെ ക്രിസ്തീയ വിശ്വാസത്തിൻെറ തറക്കല്ല്!

എന്നാൽ,ക്രിസ്തുവിനെതരം താഴ്ത്തി,പ്രവചകനോ,അല്ലങ്കിൽ ഒരു രാഷ്ടീയ നേതാവോ,
വീരസഖാവോ ,ആക്കാനുള്ള നീക്കം കൊണ്ട്,വാസ്തവത്തിൽ,നേതാക്കളെ!നിങ്ങൾ നേടുന്നത്,ഒരു ബഹുപൂരിപക്ഷ മതവിശ്വാസത്തോടുള്ള കടുത്ത നിന്ദ മാത്രം!!ഇത് നിങ്ങളുടെ അടിത്തറ
നിങ്ങൾ തന്നെ മാന്തി, നിങ്ങൾക്കു തന്നെ തുരങ്കം വെക്കുന്നു എന്ന് ഓർക്കുക!!!